# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
# പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം - 33
# (ഹാജർ -അനുപമ.റ്റി.വി. ഐ.എ.എസ്)

നം.ഇ LRN2-455/2023(3) 17-06-2023

വിഷയം : ജീവനക്കാര്യം : പൊതുസ്ഥലം മാറ്റം 2023-സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തിക -ഓൺലൈൻ സ്ഥലംമാറ്റം - അന്തിമ സ്ഥലം മാറ്റ ഉത്തരവ് - പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു

വായന

1.ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ.(പി)3/2017 നം. സർക്കാർ ഉത്തരവ്
2.ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 05/04/2018ലെ സ.ഉ.(പി)10/2018 നം. സർക്കാർ ഉത്തരവ്
3. റവന്യൂ (സി) വകുപ്പിന്റെ 26/08/2020 ലെ 2723/20/റവ നം. സർക്കാർ ഉത്തരവ്
4. ഈ കാര്യാലയത്തിലെ 28/03/2023 ലെ LR/14912/2022-LR(E1) നമ്പർ പരിപത്രം
5. lrd.kerala.gov.in പോർട്ടലിൽ 13/4/2023 തീയതി വരെ ലഭിച്ച ഓൺലൈൻ അപേക്ഷകൾ
6. 26/04/23 തീയതിയിൽ ഇതേ നമ്പരായി പ്രസിദ്ധീകരിച്ച കരട് മുൻഗണനാ ലിസ്റ്റ്.
7. Lrd.kerala.gov.in പോർട്ടലിൽ ഓൺലൈനായി ലഭ്യമായ ആക്ഷേപങ്ങൾ
8. സ.ഉ. (സാധാ) നം. 1866/2023 /ആർഡി, തീയതി 12/05/2023
9. 12/05/2023 തീയതിൽ ഇതേ നമ്പറായി പ്രസിദ്ധീകരിച്ച അന്തിമ മുൻഗണന പട്ടിക
10. ഈ കാര്യാലയത്തിൽ നിന്നുള്ള 6/6/2023 ലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റ ഉത്തരവ്
11. സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർ Lrd.kerala.gov.in പോർട്ടൽ മുഖാന്തിരം സമർപ്പിച്ച ആക്ഷേപങ്ങൾ

ലാൻഡ് റവന്യൂ വകുപ്പിൽ വായന (1), (2),(3) എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2023 വർഷത്തിലെ പൊതുസ്ഥലംമാറ്റത്തിനായി വായന (4) പ്രകാരം വിജ്ഞാപനവും മാർഗനിർദേശങ്ങളും പുറപ്പെടുവിച്ചിരുന്നതാണ്. അപ്രകാരം പൊതു സ്ഥലംമാറ്റത്തിനായി വായന (5) പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ വായന (1), (2), (3) പ്രകാരമുള്ള ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കനുസൃതമായും 30/04/2023 പ്രാബല്യത്തിൽ സർവ്വീസ് കാലയളവ് കണക്കാക്കിയും മുൻഗണനയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള കരട് മുൻഗണനാ പട്ടിക വായന (6) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തു.കൂടാതെ ടി ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് 02/05/2023 വരെ സമയവും അനുവദിച്ചിരുന്നു. അപ്രകാരം വായന (7) പ്രകാരം ലഭിച്ച എല്ലാ ആക്ഷേപങ്ങളും പരിശോധിച്ചിട്ടുള്ളതും ആയത് ഓൺലൈനായി തന്നെ തീർപ്പാക്കി വായന (9 ) പ്രകാരം സീനിയർഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ മറ്റൊരു അന്തിമ

മുൻഗണനാ പട്ടിക നിലവിൽ വരുന്നതുവരെ സംസ്ഥാനത്തെ വിവിധ സ്റ്റേഷനുകളിൽ ഉണ്ടാകുന്ന ഓപ്പൺ വേക്കൻസികളിലേക്ക് ടി പട്ടികയിൽ നിന്നും മാത്രം സ്ഥലംമാറ്റം നടത്തുന്നതുമാണ്. നിലവിലെ കേഡറിൽ അതാത് സ്റ്റേഷനിൽ പ്രവേശിച്ച തീയതിയാണ് സ്റ്റേഷൻ സീനിയോരിറ്റിയായി ഉൾപ്പെടുത്തിയിരിക്കുന്നത് .ഈ തീയതി ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ/ ഓഫീസ് മേധാവികൾ അവരുടെ ലോഗിനിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ളതാണ്.കേഡർ സീനിയോരിറ്റി, ഹോം ജില്ല, സ്റ്റേഷനിലേയ്ക്കുള്ള ദൂരം, പ്രൊമോഷൻ ഉത്തരവിലെ ക്രമ നമ്പർ എന്നിവ അടിസ്ഥാനമാക്കിയാണ് മുൻഗണന പട്ടിക തയ്യാറാക്കി വായന (9) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ടി അന്തിമ മുൻഗണന പട്ടികയുടെ അടിസ്ഥാനത്തിൽ വായന (10) പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലുള്ള ജീവനക്കാരുടെ കരട് സ്ഥലം മാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുകയും പ്രസ്തുത ഉത്തരവിനെതിരെ ആക്ഷേപങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് 9/6/2023 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. വായന (11) പ്രകാരം ലഭിച്ച എല്ലാ ആക്ഷേപങ്ങളും പരിശോധിച്ചിട്ടുള്ളതും ആയത് ഓൺലൈനായി നിയമാനുസൃതം തീർപ്പാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സ്ഥലം മാറ്റ പട്ടിക ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

**Three year list**

| **ക്രമ.നം** | **പേര്& പെൻ** | **നിലവിൽ ജോലി ചെയ്യുന്ന ജില്ല/ സ്റ്റേഷൻ** | **സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/ സ്റ്റേഷൻ** | **ട്രാൻസ്ഫർ തരം** | **റിമാർക്സ്** |
|---|---|---|---|---|---|
| 1 | ജൂലിയ എച്ച്(707137) | കൊല്ലം/കരുനാഗപ്പള്ളി | കൊല്ലം/കൊല്ലം | നിർബന്ധിതം | |
| 2 | സൈറ എ എം(334916) | കൊല്ലം/കൊല്ലം | കൊല്ലം/കരുനാഗപ്പള്ളി | ഓപ്ഷൻ | |
| 3 | ഷീബ ജി നായർ(707086) | പത്തനംതിട്ട/കോന്നി | പത്തനംതിട്ട/കോഴഞ്ചേരി | ഓപ്ഷൻ | |
| 4 | ശാന്തി എം(226500) | ഇടുക്കി/തൊടുപുഴ | കോട്ടയം/മീനച്ചിൽ | നിർബന്ധിതം | |
| 5 | രാജഗോപാൽ റ്റി.കെ.(704412) | കോട്ടയം/മീനച്ചിൽ | ഇടുക്കി/തൊടുപുഴ | നിർബന്ധിതം | |
| 6 | രജനി പി എസ്(706676) | ഇടുക്കി/ഇടുക്കി | ഇടുക്കി/തൊടുപുഴ | ഓപ്ഷൻ | |
| 7 | ജോയ് എ.ജി(708168) | എറണാകുളം/കണയന്നൂർ | ഇടുക്കി/ഇടുക്കി | നിർബന്ധിതം | |
| 8 | ജെയ്സി തോമസ്(706886) | ഇടുക്കി/ദേവികുളം | എറണാകുളം/കോതമംഗലം | ഓപ്ഷൻ | |
| 9 | സാലി മാത്യു(635849) | ഇടുക്കി/തൊടുപുഴ | എറണാകുളം/മുവാറ്റുപുഴ | നിർബന്ധിതം | |
| 10 | രജനി എം ടി(163516) | എറണാകുളം/കണയന്നൂർ | എറണാകുളം/ആലുവ | ഓപ്ഷൻ | |
| 11 | ബാലകൃഷ്ണൻ കെ വി(707180) | എറണാകുളം/കോതമംഗലം | എറണാകുളം/കണയന്നൂർ | ഓപ്ഷൻ | |
| 12 | എലിസബത്ത് രൂപ കെ ആർ(708151) | എറണാകുളം/കൊച്ചി | എറണാകുളം/കണയന്നൂർ | ഓപ്ഷൻ | |

| | | | | | |
|---|---|---|---|---|---|
| 13 | ലൈവി റ്റി വർഗീസ്(708155) | എറണാകുളം/മുവാറ്റുപുഴ | എറണാകുളം/കണയന്നൂർ | ഓപ്ഷൻ | |
| 14 | രഞ്ജിനി പി ഡി(708472) | എറണാകുളം/കണയന്നൂർ | എറണാകുളം/കൊച്ചി | ഓപ്ഷൻ | |
| 15 | റീന എ ജി(708153) | എറണാകുളം/ആലുവ | തൃശ്ശൂർ/കൊടുങ്ങലൂർ | ഓപ്ഷൻ | |
| 16 | റഷീദ കെ വൈ(500430) | തൃശ്ശൂർ/കൊടുങ്ങലൂർ | പാലക്കാട്/ആലത്തൂർ | നിർബന്ധിതം | |
| 17 | സന്തോഷ്കുമാർ വി ആർ(211170) | പാലക്കാട്/പട്ടാമ്പി | മലപ്പുറം/ഏറനാട് | നിർബന്ധിതം | |

**Open Category list**

| ക്രമ.നം | പേര്& പെൻ | നിലവിൽ ജോലി ചെയ്യുന്ന ജില്ല/സ്റ്റേഷൻ | സ്ഥലം മാറ്റി നിയമിക്കുന്ന ജില്ല/സ്റ്റേഷൻ | ട്രാൻസ്ഫർ തരം | റിമാർക്ക് |
|---|---|---|---|---|---|
| 1 | ഷീബ പി(719525) | കണ്ണൂർ/കണ്ണൂർ | തിരുവനന്തപുരം/തിരുവനന്തപുരം | ഓപ്ഷൻ | |
| 2 | സുജിനി എം(683039) | പത്തനംതിട്ട/കോഴഞ്ചേരി | പത്തനംതിട്ട/മല്ലപ്പള്ളി | ഓപ്ഷൻ | |
| 3 | നിഷ കെ. സി.(353750) | പത്തനംതിട്ട/മല്ലപ്പള്ളി | എറണാകുളം/കണയന്നൂർ | ഓപ്ഷൻ | |
| 4 | ഷൈലജ എ(706393) | പാലക്കാട്/പാലക്കാട് | പാലക്കാട്/ചിറ്റൂർ | ഓപ്ഷൻ | |

മേൽ പറഞ്ഞ ജീവനക്കാരെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വിടുതൽ ചെയ്ത്/ജോലിയിൽ പ്രവേശിപ്പിച്ച് വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

ടി സ്ഥലംമാറ്റ ഉത്തരവിനെതിരെ ആക്ഷേപമുണ്ടങ്കിൽ അപ്പീൽ അധികാരിയായ പ്രിൻസിപ്പൽ സെക്രട്ടറി ,റവന്യൂ വകുപ്പ് ,സെക്രട്ടറിയേറ്റ്,തിരുവനന്തപുരം മുമ്പാകെ ഉത്തരവ് തീയതി മുതൽ ഒരാഴ്ചയ്ക്കകം സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ ആയി തയ്യാറാക്കിയിരിക്കുന്ന ഈ സ്ഥലംമാറ്റ പട്ടിക ലാൻഡ് റവന്യൂ വകുപ്പിന്റെ പോർട്ടൽ ആയ lrd.kerala.gov.in യിലും വെബ്സൈറ്റായ clr.kerala.gov.in ലും ലഭ്യമാണ്

കമ്മീഷണർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ കലക്ടർമാർക്കും
3. സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
4. ഡയറക്ടർ, ILDM, തിരുവനന്തപുരം
5. ഡയറക്ടർ, സർവ്വെ & ലാൻഡ് റിക്കാർഡ്സ്, തിരുവനന്തപുരം
6. ഡെപ്യൂട്ടി കലക്ടർ, വിജിലൻസ് (ഉത്തര, ദക്ഷിണ, മദ്ധ്യമേഖല)
7. അസിസ്റ്റന്റ് കമ്മീഷണർ (ആർ ഇ) & (എസ് സി)
8. സൂപ്രണ്ട്, സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ
9. നോഡൽ ഓഫീസർ, സ്റ്റേറ്റ് ഐടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
10. കരുതൽ ഫയൽ

Print Final Order